Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

01.04.2026

# കാസ്കേഡ് 2026
# നാഷണൽ വർക്ക്ഷോപ്പ് ജൂബിലിയിൽ

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം സംഘടിപ്പിച്ച കാസ്കേഡ് 2026 എന്ന കോഗുലേഷൻ വിഷയത്തിലുള്ള അക്കാദമിക് വർക്ക്ഷോപ്പിന്റെ 15–ാം പതിപ്പ് വിജയകരമായി നടന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഏകദേശം ഇരുപതോളം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. ഇത് പരിപാടിയുടെ ദേശീയ പ്രധാന്യവും അക്കാദമിക് നിലവാരവും വ്യക്തമാക്കുന്നതാണെന്ന് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു. കോഗുലേഷനുമായി ബന്ധപ്പെട്ട ആധുനിക രീതികളും തെളിവുകളെ അടിസ്ഥാനമാക്കിയുള്ള നിർണ്ണയ മാർഗങ്ങളും വിഷയമാക്കി ഇന്ററാക്ടീവ് സെഷനുകളും കേസ് അടിസ്ഥാനപ്പെടുത്തിയ പഠനരീതികളും ഉൾപ്പെടുത്തി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. പങ്കെടുത്തവരുടെ പ്രായോഗിക അറിവ് വർധിപ്പിക്കുന്ന തരത്തിലാണ് ക്ലാസുകൾ ക്രമീകരിച്ചത്. ഇതോടൊപ്പം രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഹീമറ്റോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, പത്തോളജി മേഖലകളിലെ പ്രമുഖ വിദഗ്ധർ പങ്കെടുത്ത ഓൺലൈൻ ശാസ്ത്രീയ പ്രഭാഷണങ്ങളും സി.എ.ഇ–യുടെ ഭാഗമായി നടന്നു. ഇത് പരിപാടിക്ക് കൂടുതൽ അക്കാദമിക് മികവ് നൽകി.